കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുന്നുകര ഗ്രാമപഞ്ചായത്ത് - എറണാകുളം ജില്ല - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 2009-10 – ഖണ്ഡിക 3-1 – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.177/14/തസ്വഭവ. തിരുവനന്തപുരം,തീയതി: 21/01/2014

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 13-09-2013-ലെ എം3-32977/13 നമ്പർ കത്തും ഗ്രാമപഞ്ചായത്തിന്റെ 22/05/2012-ലെ 1(4)-ാം നമ്പർ തീരുമാനവും

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 10/12/2013-ലെ L.F./P.T2/18047/13 നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിലെ ഖണ്ഡിക 3-1 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ കോമ്പൌണ്ട് ഗെയ്റ്റ് പൂട്ടുന്നതിന് നിയമിച്ചവർക്ക് പ്രതിമാസം 250/- രൂപ വച്ച് 12 മാസം 3,000/- രൂപ നൽകിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ 22/05/2012-ലെ 1(4)-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്ത് കോമ്പൌണ്ടിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, ഗവ.ഹോമിയോ ആശുപത്രി, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ഓഫീസുകൾ തുടങ്ങിയവ പ്രവർത്തിക്കുന്നു. സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനാണ് രാത്രി കാവൽക്കാരനെ നിയമിച്ചത്. ഗ്രാമപഞ്ചായത്ത് വളപ്പിലെ ഓഫീസുകളിൽ അനധികൃത പ്രവേശനം തടയുന്നതിന് വാച്ച്മാനെ നിയമിച്ച് വേതനം നൽകിയത് പൊതു താൽപര്യ സംരക്ഷണത്തിന് അനിവാര്യമായതിനാൽ ടി ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക

3-1 പ്രകാരം 3,000/- രൂപ ചെലവഴിച്ച കുന്നുകര ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
സെക്രട്ടറി,കുന്നുകര ഗ്രാമപഞ്ചായത്ത്, എറണാകുളം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ